"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് -കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് വനപരിപാലന പ്രവർത്തനങ്ങൾ (Silvicultural operations) തുടരുന്നതിനായി 7,748.441 ഹെക്ടർ വനഭൂമിയുടെ പാട്ടം 01.01.2026 മുതൽ അടുത്ത 25 വർഷത്തേക്ക് പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (സി) വകുപ്പ്**

സ.ഉ.(കൈ) നം.14/2026/F&WLD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. സ.ഉ(കൈ) നം. 33/89/വനം തീയതി, 04.03.1989.
2. സ.ഉ(കൈ) നം. 25/2003/വനം തീയതി, 15.05.2003.
3. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 31.08.2024, 05.08.2025, 28.07.2025, 11.12.2025, 30.12.2025 13.02.2026, തീയതികളിലെ സി3-994/2024 നമ്പർ കത്ത്.
4. പരിവേഷ് 2.0 പോർട്ടലിലൂടെ സമർപ്പിച്ച FP/KL/NONMIND/547248/2025 നമ്പർ അപേക്ഷ.
5. സ.ഉ.(കൈ) നം.5/2026/വനം, തീയതി 15.02.2026.
6. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 02.03.2026, 05.03.2026 തീയതികളിലെ നമ്പർ കത്ത്.
7. അഡ്വക്കേറ്റ് ജനറൽ, കേരളയുടെ 05.03.2026 തീയതിയിലെ എസ്.എസ്.ജി.കെ7/2026/എ.ജി നമ്പർ കത്ത്.

**ഉത്തരവ്**

1975-ൽ രൂപീകൃതമായ, കേരള സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ(കെ.എഫ്.ഡി.സി), 1976 മുതൽ സംസ്ഥാന സർക്കാർ കൈമാറിയ വനഭൂമിയിൽ പ്രവർത്തിച്ചു വരുന്നു. പ്രാരംഭ ഘട്ടത്തിൽ വിവിധ വനം ഡിവിഷനുകളിൽ നിന്നായി 10,618.897 ഹെക്ടർ വനഭൂമിയാണ് വനവിളകൾ വളർത്തുന്നതിനായി കോർപ്പറേഷന് പാട്ടത്തിന് നൽകിയത്. തുടർന്ന്, പരാമർശം (2) ഉത്തരവ് പ്രകാരം, വനവിളകളുള്ള 7,748.441 ഹെക്ടർ ഭൂമിയുടെ പാട്ടം 25 വർഷത്തേക്ക് കൂടി സർക്കാർ പുതുക്കി നൽകി. ബാക്കിയുള്ള 2,968.741 ഹെക്ടർ നാണ്യവിള തോട്ടങ്ങൾ പാട്ടത്തുക അടച്ച് കോർപ്പറേഷൻ കൈവശം തുടർന്നുപോന്നു.

2. പ്രസ്തുത 7,748.441 ഹെക്ടർ ഭൂമിയുടെ പാട്ടക്കാലാവധി 31.12.2025-ന് അവസാനിച്ചു. ഇതിനെത്തുടർന്ന് ഏകദേശം 95 ഹെക്ടറിലെ മരം മുറിക്കൽ നടപടികൾ നിർത്തിവെച്ചതായി കെ.എഫ്.ഡി.സി മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പാട്ടം പുതുക്കാനുള്ള കെ.എഫ്.ഡി.സി-യുടെ അപേക്ഷ വനം വകുപ്പ് പരിശോധിക്കുകയും ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത യോഗത്തിൽ, 1980-ലെ വനം (സംരക്ഷൺ ഏവം സംവർദ്ധൻ) നിയമത്തിലെ വ്യവസ്ഥകൾ കണക്കിലെടുത്ത്, ഈ അപേക്ഷ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി 'പരിവേഷ്' (PARIVESH) പോർട്ടൽ വഴി സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

4. ഏതെങ്കിലും അതോറിറ്റിക്കോ, കോർപ്പറേഷനോ, ഏജൻസിക്കോ വനഭൂമി പാട്ടമായോ മറ്റോ നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന് 1980-ലെ വനം (സംരക്ഷൺ ഏവം സംവർദ്ധൻ) നിയമത്തിലെ സെക്ഷൻ 2(1)(iii) അനുശാസിക്കുന്നു. അതനുസരിച്ച്, പാട്ടം പുതുക്കുന്നതിനുള്ള അപേക്ഷ പരിവേഷ് പോർട്ടൽ വഴി പ്രോസസ്സ് ചെയ്യുകയും സംസ്ഥാന സർക്കാർ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് ശിപാർശ നൽകുകയും ചെയ്തു.

5. പരിവേഷ് പോർട്ടൽ വഴിയുള്ള പരിശോധനയ്ക്കിടെ, അപേക്ഷയോടൊപ്പം സമർപ്പിച്ച 'ലെറ്റർ ഓഫ് ഇന്റന്റ്' സംബന്ധിച്ചതുൾപ്പെടെയുള്ള ചില ചോദ്യങ്ങൾ കേന്ദ്ര മന്ത്രാലയം ഉന്നയിച്ചു. തുടർന്ന് സർക്കാർ ആവശ്യമായ ലെറ്റർ ഓഫ് ഇന്റന്റ് പരാമർശം (5) ഉത്തരവ് പ്രകാരം നൽകുകയും, സംശയങ്ങൾക്കുള്ള മറുപടികൾ പോർട്ടൽ വഴി സമർപ്പിക്കുകയും ചെയ്തു. ഈ നിർദ്ദേശം നിലവിൽ കേന്ദ്ര മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

6. ഇതിനിടെ, വനപരിപാലന പ്രവർത്തനങ്ങൾ തുടരുന്നതിനായി 7,748.441 ഹെക്ടർ വനഭൂമിയുടെ പാട്ടം പുതുക്കി നൽകണമെന്ന് പരാമർശം (6) പ്രകാരം കെ.എഫ്.ഡി.സി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പരിവേഷ് പോർട്ടൽ വഴി സമർപ്പിച്ച പാട്ടം പുതുക്കൽ അപേക്ഷ 27.02.2026-ന് നടന്ന ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റിയുടെ മുന്നിൽ എത്തിയെങ്കിലും തീരുമാനം മാറ്റിവെച്ചിരിക്കുകയാണെന്ന് കെ.എഫ്.ഡി.സി അറിയിച്ചിട്ടുണ്ട്. പാട്ടഭൂമിയിൽ നടത്തുന്ന പ്രവർത്തനങ്ങൾ പൂർണ്ണമായും വനപരിപാലന (Silvicultural) സ്വഭാവമുള്ളതാണെന്നും, 1980-ലെ വനം (സംരക്ഷൺ ഏവം സംവർദ്ധൻ) നിയമത്തിലെ സെക്ഷൻ 2 പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ഇതിന് ആവശ്യമില്ലെന്നും വനപരിപാലന പ്രവർത്തനങ്ങളെ "വനേതര ആവശ്യങ്ങൾ" (Non-forest purpose) എന്ന നിർവ്വചനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നതാണ് ഇതിന് കാരണമായി കെ.എഫ്.ഡി.സി ചൂണ്ടിക്കാണിക്കുന്നത്.

7. പാട്ടം പുതുക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നും ലഭിച്ച പരാമർശം (7) നിയമോപദേശത്തിന്റെ പകർപ്പും കെ.എഫ്.ഡി.സി മാനേജിംഗ് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയിരുന്നു. കെ.എഫ്.ഡി.സി നടത്തുന്ന പ്രവർത്തനങ്ങൾ വനപരിപാലന സ്വഭാവമുള്ളതായതിനാൽ, അത്തരം പ്രവർത്തനങ്ങൾക്കായി പാട്ടം പുതുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് പ്രസ്തുത നിയപോദേശത്തിൽ അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (7)-ലെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, വനപരിപാലന പ്രവർത്തനങ്ങൾ തുടരുന്നതിനായി കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് 7,748.441 ഹെക്ടർ വനഭൂമിയുടെ പാട്ടം നിലവിലുള്ള പാട്ട വ്യവസ്ഥയിൽ 01.01.2026 മുതൽ അടുത്ത 25 വർഷത്തേക്ക് പുതുക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ തുടർ നടപടികൾ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ആരണ്യകം, കാരാപ്പുഴ, കോട്ടയം - 686 003.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & നോഡൽ ഓഫീസർ എഫ് (സി) ആക്ട്, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (13.03.2026-ലെ ഇനം. 3902 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം
Signed by
Priya. S. A
Date: 14-03-2026 17:34:42

പകർപ്പ്- ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്
അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ

*രഹസ്യം*

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-03-2026**

ഫയൽ നം. സി2/74/2024/വനം. ഇനം നം: 3902

വിഷയം : വനം-വന്യജീവി വകുപ്പ് - കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് (KFDC) പാട്ടത്തിന് നൽകിയിരിക്കുന്ന ഭൂമിയുടെ പാട്ടക്കാലാവധി കഴിഞ്ഞതിനാൽ പാട്ടക്കരാർ 01.01.2026 മുതൽ അടുത്ത 25 വർഷത്തേക്ക് പുതുക്കുന്നത്.

തീരുമാനം : "കേന്ദ്രസർക്കാരിന്റെ തീരുമാനം കാത്തു നിൽക്കാതെ" എന്ന ഭാഗം ഒഴിവാക്കി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

| | | |
|---|---|---|
| **കേരള സർക്കാർ<br>( ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്** | | |
| 1. | ഫയൽനമ്പർ | സി2/74/2024-വനം |
| 2. | വകുപ്പ് | വനം വന്യജീവി(സി) വകുപ്പ് |
| 3. | വിഷയം | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് (KFDC) പാട്ടത്തിന് നൽകിയിരിക്കുന്ന ഭൂമിയുടെ പാട്ടക്കാലാവധി കഴിഞ്ഞതിനാൽ പാട്ട കരാർ 01/01/2026 മുതൽ അടുത്ത 25 വർഷത്തേക്ക് പുതുക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 08.03.2026 |
| 5. | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | ഇല്ല |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സൂസൻ ഗോപി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. മിൻഹാജ് ആലം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ശശീന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് (KFDC) വനപരിപാലന പ്രവർത്തനങ്ങൾ (Silvicultural operations) തുടരുന്നതിനായി 7,748.441 ഹെക്ടർ വനഭൂമിയുടെ പാട്ടം 01.01.2026 മുതൽ അടുത്ത 25 വർഷത്തേക്ക് പുതുക്കി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 1975-ൽ രൂപീകൃതമായ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KFDC), 1976 മുതൽ സംസ്ഥാന സർക്കാർ കൈമാറിയ വനഭൂമിയിൽ പ്രവർത്തിച്ചു വരുന്നു. പ്രാരംഭ ഘട്ടത്തിൽ വിവിധ വനം ഡിവിഷനുകളിൽ നിന്നായി 10,618.897 ഹെക്ടർ വനഭൂമിയാണ് വനവിളകൾ വളർത്തുന്നതിനായി കോർപ്പറേഷന് പാട്ടത്തിന് നൽകിയത്. തുടർന്ന്, 15.05.2003-ലെ ജി.ഒ (എം.എസ്) നം. 25/2003/F&WLD ഉത്തരവ് പ്രകാരം, വനവിളകളുള്ള 7,748.441 ഹെക്ടർ ഭൂമിയുടെ പാട്ടം 25 വർഷത്തേക്ക് കൂടി സർക്കാർ പുതുക്കി നൽകി. ബാക്കിയുള്ള 2,968.741 ഹെക്ടർ നാണ്യവിള തോട്ടങ്ങൾ പാട്ടത്തുക അടച്ച് കോർപ്പറേഷൻ കൈവശം തുടർന്നുപോന്നു.

3. 7,748.441 ഹെക്ടർ ഭൂമിയുടെ പാട്ടക്കാലാവധി 31.12.2025-ന് അവസാനിച്ചു. ഇതിനെത്തുടർന്ന് ഏകദേശം 95 ഹെക്ടറിലെ മരം മുറിക്കൽ നടപടികൾ നിർത്തിവെച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പാട്ടം പുതുക്കാനുള്ള KFDC-യുടെ അപേക്ഷ വനം വകുപ്പ് പരിശോധിക്കുകയും ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്), മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത യോഗത്തിൽ, 1980-ലെ വനം (സംരക്ഷൺ ഏവം സംവർദ്ധൻ) നിയമത്തിലെ വ്യവസ്ഥകൾ കണക്കിലെടുത്ത്, ഈ അപേക്ഷ കേന്ദ്ര സർക്കാരിന്റെ

അനുമതിക്കായി 'പരിവേഷ്' (PARIVESH) പോർട്ടൽ വഴി സമർപ്പിക്കാൻ തീരുമാനിച്ചു.

5. ഏതെങ്കിലും അതോറിറ്റിക്കോ, കോർപ്പറേഷനോ, ഏജൻസിക്കോ വനഭൂമി പാട്ടമായോ മറ്റോ നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന് 1980-ലെ വനം (സംരക്ഷൺ ഏവം സംവർദ്ധൻ) നിയമത്തിലെ സെക്ഷൻ 2(1)(iii) അനുശാസിക്കുന്നു. ഇതനുസരിച്ച്, പാട്ടം പുതുക്കുന്നതിനുള്ള അപേക്ഷ പരിവേഷ് പോർട്ടൽ വഴി പ്രോസസ്സ് ചെയ്യുകയും സംസ്ഥാന സർക്കാർ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് (MoEF&CC) ശിപാർശ നൽകുകയും ചെയ്തു.

6. പരിവേഷ് പോർട്ടൽ വഴിയുള്ള പരിശോധനയ്ക്കിടെ, അപേക്ഷയോടൊപ്പം സമർപ്പിച്ച 'ലെറ്റർ ഓഫ് ഇന്റന്റ്' (Letter of Intent) സംബന്ധിച്ചതുൾപ്പെടെയുള്ള ചില ചോദ്യങ്ങൾ കേന്ദ്ര മന്ത്രാലയം ഉന്നയിച്ചു. തുടർന്ന് സർക്കാർ ആവശ്യമായ ലെറ്റർ ഓഫ് ഇന്റന്റ് 15.02.2026 തീയതിയിലെ സ.ഉ.(കൈ) നം.5/2026/വനം നമ്പർ ഉത്തരവ് പ്രകാരം നൽകുകയും, സംശയങ്ങൾക്കുള്ള മറുപടികൾ പോർട്ടൽ വഴി സമർപ്പിക്കുകയും ചെയ്തു.

7. മന്ത്രാലയം ഈ നിർദ്ദേശം പരിശോധിക്കുകയും 27.02.2026-ന് നടന്ന ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റിയുടെ (FAC) യോഗത്തിൽ സമർപ്പിക്കുകയും കമ്മിറ്റി ഇതിൽ അന്തിമ തീരുമാനം എടുക്കാതെ മാറ്റിവയ്ക്കുകയും ചെയ്തു. ഈ നിർദ്ദേശം നിലവിൽ കേന്ദ്ര മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

8. ഇതിനിടെ, വനപരിപാലന പ്രവർത്തനങ്ങൾ തുടരുന്നതിനായി 7,748.441 ഹെക്ടർ വനഭൂമിയുടെ പാട്ടം പുതുക്കി നൽകണമെന്ന് 02.03.2026-ലെ കത്ത് പ്രകാരം KFDC മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. പരിവേഷ് പോർട്ടൽ വഴി സമർപ്പിച്ച പാട്ടം പുതുക്കൽ അപേക്ഷ ഫോറസ്റ്റ് അഡ്വൈസറി

കമ്മിറ്റിയുടെ മുന്നിൽ എത്തിയെങ്കിലും തീരുമാനം മാറ്റിവെച്ചിരിക്കുകയാണെന്ന് KFDC അറിയിച്ചിട്ടുണ്ട്.

9. പാട്ടഭൂമിയിൽ നടത്തുന്ന പ്രവർത്തനങ്ങൾ പൂർണ്ണമായും വനപരിപാലന (Silvicultural) സ്വഭാവമുള്ളതാണെന്നും, 1980-ലെ വനം (സംരക്ഷൺ ഏവം സംവർദ്ധൻ) നിയമത്തിലെ സെക്ഷൻ 2 പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ഇതിന് ആവശ്യമില്ലെന്നും KFDC ഉന്നയിക്കുന്നു. വനപരിപാലന പ്രവർത്തനങ്ങളെ "വനേതര ആവശ്യങ്ങൾ" (Non-forest purpose) എന്ന നിർവ്വചനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്നതാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നത്.

10. പാട്ടം പുതുക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നും ലഭിച്ച നിയമോപദേശത്തിന്റെ പകർപ്പും KFDC മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

11. KFDC നടത്തുന്ന പ്രവർത്തനങ്ങൾ വനപരിപാലന സ്വഭാവമുള്ളതായതിനാൽ, അത്തരം പ്രവർത്തനങ്ങൾക്കായി പാട്ടം പുതുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

12. എന്നിരുന്നാലും, ഭൂമിയുടെ ഏതെങ്കിലും ഭാഗം വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെങ്കിൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലാണ് ഈ നിയമോപദേശം നൽകിയിട്ടുള്ളത്.

13. വനഭൂമിയുടെ പാട്ടം പുതുക്കുന്നതിന് പിന്തുടരേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വ്യക്തത തേടി നോഡൽ ഓഫീസർ (ഫോറസ്റ്റ് കൺസർവേഷൻ ആക്ട്) കേന്ദ്ര മന്ത്രാലയത്തിന് അയച്ച കത്തിൽ, KFDC-

യുടെ കീഴിലുള്ള ചില പ്രദേശങ്ങളിൽ ഇക്കോ ടൂറിസം പോലുള്ള അനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

14. ഈ സാഹചര്യത്തിൽ, കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിനായി കാത്തുനിൽക്കാതെ, KFDC-യുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ ബാധിക്കാതിരിക്കാൻ, അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വനപരിപാലന പ്രവർത്തനങ്ങൾക്കായി 7,748.441 ഹെക്ടർ വനഭൂമിയുടെ പാട്ടം KFDC-ക്ക് പുതുക്കി നൽകണോ എന്ന് തീരുമാനിക്കേണ്ടതുണ്ട്.

15. ഇക്കാര്യത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ബഹു വനം വന്യജീവി വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം നിർദ്ദേശിച്ചു.

*" ഫോറെസ്റ്റ് കോൺസെർവഷൻ ആക്ട്, 1980 സെക്ഷൻ 2 പ്രകാരം സിൽവികൾച്ചർ (Silviculture) പ്രവർത്തനങ്ങൾ നിയന്ത്രണങ്ങളിൽ ഉൾപ്പെടുന്നില്ലെന്നും അതിനാൽ KFDC ക്ക് സർക്കാർ ലീസ് കാലാവധി നീട്ടിനൽകുന്നത് നിയമ വിധേയമാണെന്നും അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ട് . പ്രസ്തുത നിയമോപദേശം പരിഗണിച്ച് 15.06.2003 ൽ GO (Ms ) No 25/2003/ F &WLD ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള 7748.441 ഹെക്ടർ ഭൂമിയുടെ ലീസ് കാലാവധി സിൽവികൾച്ചർ (Silviculture) പ്രവർത്തനത്തിനായി 25 വർഷത്തേക്ക് കൂടി KFDC ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. ഇത് KFDC എന്ന സർക്കാർ കോർപറേഷന്റെ തുടർ പ്രവർത്തനത്തിനുപരി നിലനിൽപ്പിനും അത്യന്താപേക്ഷിതമാണ് .*

*അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിക്കുന്നതിന് മുൻപ് KFDC ലീസ് കാലാവധി പുതുക്കുന്നതിന് MoEFCC യിൽ പരിവേഷ് പോർട്ടൽ മുഖേന നൽകിയിരുന്ന അപേക്ഷ അവർക്ക് പിൻവലിക്കാവുന്നതാണ്.*

*.*

*മേൽ സാഹചര്യങ്ങൾ പരിഗണിച്ച് 15.06.2003 ൽ GO (Ms ) No 25/2003/ F &WLD ഉത്തരവ് പ്രകാരം KFDC ക്ക് നൽകിയിട്ടുള്ള 7748.441 ഹെക്ടർ ഭൂമിയുടെ ലീസ് കാലാവധി സിൽവികൾച്ചർ (Silviculture) പ്രവർത്തനത്തിനായി*

*01.01.2026 മുതൽ 25 വർഷത്തേക്ക് കൂടി KFDC ദീർഘിപ്പിച്ച് നൽകുന്നതിനുള്ള തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണക്കായി സമർപ്പിക്കാമോ എന്നതിന്മേലുള്ള ഉത്തരവിനായി ബഹു . മുഖ്യമന്ത്രി കണ്ടാലും "*

16. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട സംഗതി</u>

കേന്ദ്ര സർക്കാരിന്റെ തീരുമാനം കാത്തുനിൽക്കാതെ, അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, വനപരിപാലന പ്രവർത്തനങ്ങൾ തുടരുന്നതിനായി കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് (KFDC) 7,748.441 ഹെക്ടർ വനഭൂമിയുടെ പാട്ടം നിലവിലുള്ള പാട്ട വ്യവസ്ഥയിൽ 01.01.2026 മുതൽ അടുത്ത 25 വർഷത്തേക്ക് പുതുക്കി നൽകുന്നതിന് അനുമതി നൽകാമോ?

| GOVERNMENT OF KERALA<br>(SHRI.PINARAYI VIJAYAN MINISTRY)<br>NOTE FOR COUNCIL OF MINISTERS | | |
|---|---|---|
| 1. | File Number | C2/74/2024-F&WLD |
| 2. | Department | Forest & Wildlife (C) Department |
| 3. | Subject | Renewal of lease of forest land in favour of Kerala Forest Development Corporation (KFDC) for a further period of 25 years with effect from 01.01.2026, on expiry of the existing lease period – Regarding. |
| 4. | Date of Chief Minister order for placing before the Council | 08.03.2026 |
| 5. | (i)Does the case involve financial commitments/implications | No |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | No |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7. | Name of Additional Secretary who submitted the Draft Note | Smt. Susan Gopi |
| 8. | Name of Additional Chief Secretary who approved the Draft Note | Sri.Minhaj Alam |
| 9. | Date of Approval of the Draft Note for the Council by the Additional Secretary Secretary | 09.03.2026 |
| 10. | Name of Chief Secretary who approved the Draft Note | Dr.A.Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 10.03.2026 |
| 12. | Name of Minister who approved the Draft Note | Sri.A.K.Saseendran |
| 13. | Date of approval of the Draft Note for the Council by the Minister | 10.03.2026 |
| 14. | Date of submission of fair copies | 10.03.2026 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

**Note for the Council of Ministers**

This note relates to the proposal for renewal of lease of 7,748.441 hectares of forest land in favour of Kerala Forest Development Corporation (KFDC) for continuation of silvicultural operations for a further period of 25 years with effect from 01.01.2026.

2. Kerala Forest Development Corporation (KFDC), a Government-owned company formed in 1975, has been operating forest lands handed over by the State Government since 1976. Initially, an extent of 10,618.897 hectares of forest land from various forest divisions was leased to the Corporation for raising forestry crops. Subsequently, as per G.O.(Ms) No.25/2003/F&WLD dated 15.05.2003, Government renewed the lease in respect of 7,748.441 hectares of land under forestry crops for a further period of 25 years. The remaining 2,968.741 hectares under cash crop plantations continued with the Corporation on payment of lease rent.

3. The lease period in respect of 7,748.441 hectares expired on 31.12.2025. Following the expiry of the lease period, felling operations over about 95 hectares were reportedly stopped.

4. The request of KFDC for renewal of lease was examined by the Forest Department and in a meeting chaired by the Hon'ble Minister for Forest & Wildlife, attended by the Principal Chief Conservator of

Forests (Head of Forest Force) and other senior officers, it was decided that, in view of the provisions of the Van (Sanrakshan Evam Samvardhan) Adhiniyam, 1980, the proposal may be processed through the PARIVESH portal for obtaining the approval of the Government of India.

5. Section 2(1)(iii) of the Van (Sanrakshan Evam Samvardhan) Adhiniyam, 1980 stipulates that prior approval of the Central Government is required for assignment of forest land by way of lease or otherwise to any authority, corporation, agency or organisation. Accordingly, the proposal for renewal of lease was processed through the PARIVESH portal, and the State Government recommended the proposal to the Ministry of Environment, Forest and Climate Change (MoEF&CC), Government of India.

6. During scrutiny of the proposal through the PARIVESH portal, the Ministry raised certain queries, including the issue relating to the Letter of Intent submitted along with the proposal. Subsequently, Government issued the required Letter of Intent as per G.O.(MS) No.5/2026/F&WLD dated 15.02.2026, and the replies to the queries were furnished through the portal.

7. The Ministry examined the proposal and placed it before the Forest Advisory Committee (FAC) in its meeting held on 27.02.2026, which deferred its decision. The proposal is presently under consideration of the Ministry of Environment, Forest and Climate Change.

8. Meanwhile, as per letter dated 02.03.2026, the Managing Director of KFDC has requested renewal of lease of 7,748.441 hectares of forest land for continuation of silvicultural operations. KFDC has also informed that the renewal proposal submitted through the PARIVESH portal was placed before the Forest Advisory Committee and that the decision has been deferred.

9. KFDC has contended that the activities carried out in the leased land are purely silvicultural in nature, and that prior approval of the Central Government may not be required under Section 2 of the Van (Sanrakshan Evam Samvardhan) Adhiniyam, 1980, as silvicultural operations are excluded from the definition of "non-forest purpose."

10. The Managing Director of KFDC has also forwarded a copy of the legal opinion obtained from the Office of the Advocate General regarding renewal of lease.

11. The Advocate General has opined that, since the activities carried out by KFDC are of silvicultural nature, prior approval of the Central Government may not be required for renewal of lease for such activities.

12. However, the Advocate General has also stated that if any portion of the land is used for non-forest purposes, prior approval of the Central Government would be required. The legal opinion has been rendered based on the records made available for examination.

13. In a letter addressed by the Nodal Officer under the Forest (Conservation) Act to the Ministry of Environment, Forest and Climate Change seeking clarification regarding the procedure for renewal of lease of forest land, it has been indicated that certain ancillary activities such as eco-tourism are carried out in some areas under the management of KFDC.

14. In the above circumstances, it is to be decided whether the lease of 7,748.441 hectares of forest land may be renewed in favour of KFDC for continuation of silvicultural operations, based on the legal opinion of the Advocate General, without awaiting the decision of the Government of India, so as to ensure that the ongoing activities of the Corporation are not affected.

15. When the file was submitted for orders in this matter, the Hon'ble Minister for Forest & Wildlife directed as follows:

*" ഫോറെസ്റ്റ് കോൺസെർവഷൻ ആക്ട് 1980 സെക്ഷൻ 2 പ്രകാരം സിൽവികൾച്ചർ (Silviculture) പ്രവർത്തനങ്ങൾ നിയന്ത്രണങ്ങളിൽ ഉൾപ്പെടുന്നില്ലെന്നും അതിനാൽ KFDC ക്ക് സർക്കാർ ലീസ് കാലാവധി നീട്ടിനൽകുന്നത് നിയമ വിധേയമാണെന്നും അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ട് . പ്രസ്തുത നിയമോപദേശം പരിഗണിച്ച് 15.06.2003 ൽ GO (Ms ) No 25/2003/ F &WLD ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള 7748.441 ഹെക്ടർ ഭൂമിയുടെ ലീസ് കാലാവധി സിൽവികൾച്ചർ (Silviculture) പ്രവർത്തനത്തിനായി 25 വർഷത്തേക്ക് കൂടി KFDC ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു. ഇത് KFDC എന്ന സർക്കാർ കോർപറേഷന്റെ തുടർ പ്രവർത്തനത്തിനുപരി നിലനിൽപ്പിനും അത്യന്താപേക്ഷിതമാണ്*

*.*

*അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിക്കുന്നതിന് മുൻപ് KFDC ലീസ് കാലാവധി പുതുക്കുന്നതിന് MoEFCC യിൽ പരിവേഷ് പോർട്ടൽ മുഖേന നൽകിയിരുന്ന അപേക്ഷ അവർക്ക് പിൻവലിക്കാവുന്നതാണ്.*

.

*മേൽ സാഹചര്യങ്ങൾ പരിഗണിച്ച് 15.06.2003 ൽ GO (Ms ) No 25/2003/ F &WLD ഉത്തരവ് പ്രകാരം KFDC ക്ക് നൽകിയിട്ടുള്ള 7748.441 ഹെക്ടർ ഭൂമിയുടെ ലീസ് കാലാവധി സിൽവികൾച്ചർ (Silviculture) പ്രവർത്തനത്തിനായി 01.01.2026 മുതൽ 25 വർഷത്തേക്ക് കൂടി KFDC ദീർഘിപ്പിച്ച് നൽകുന്നതിനുള്ള തീരുമാനത്തിനായി മന്ത്രിസഭയുടെ പരിഗണക്കായി സമർപ്പിക്കാമോ എന്നതിന്മേലുള്ള ഉത്തരവിനായി ബഹ . മുഖ്യമന്ത്രി കണ്ടാലും"*

16. The Hon'ble Chief Minister has ordered that the matter be placed before the Council of Ministers.

## <u>Point for Decision</u>

Whether sanction may be accorded for renewal of lease of 7,748.441 hectares of forest land on existing lease conditions in favour of Kerala Forest Development Corporation (KFDC) for continuation of silvicultural operations, for a further period of 25 years with effect from 01.01.2026, based on the legal opinion of the Advocate General, without awaiting the decision of the Government of India?